**പതിമൂന്നാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 983 — 11.03.2015 ലെ മറുപടിക്ക്

**<u>പട്ടികജാതി കുടുംബങ്ങൾക്ക് വീട്</u>**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ. കെ. ദാസൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. ബി.സത്യൻ** | | **ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| (എ) | പട്ടികജാതി കുടുംബങ്ങൾക്ക് അനുവദിച്ച വീടുകളിൽ വലിയൊരു ഭാഗത്തിന്റെ നിർമ്മാണം പാതിവഴിയിൽ നിലച്ചിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (എ) | ഭവന നിർമ്മാണ സാധനങ്ങളുടെ വില, തൊഴിൽകൂലി, കയറ്റിറക്ക് കൂലി എന്നിവയിൽ ഉണ്ടായ വർദ്ധനവ്, സാമ്പത്തിക പിന്നോക്കാവസ്ഥ എന്നിവ കാരണം പട്ടികജാതിക്കാരുടെ ഭവന നിർമ്മാണത്തിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2007-08 മുതൽ 2013-14 വരെ അനുവദിച്ച 64364 വീടുകളിൽ 10.03.2015 വരെ 52321 എണ്ണം പൂർത്തിയായിട്ടുണ്ട്. |
| (ബി) | സർക്കാർ ഫണ്ട് ലഭ്യമാകാത്തതിനാൽ വീട്ടു നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തവരെ സഹായിക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭവനരഹിത പുനരധിവാസ പദ്ധതി പ്രകാരം നല്കിവന്നിരുന്ന ധനസഹായം ഒരു ലക്ഷം രൂപ മാത്രമായിരുന്നു. ഈ തുക കൊണ്ട് ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയില്ലെന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത പദ്ധതി പ്രകാരം നല്കിവരുന്ന ധനസഹായം 2011-12 ൽ 2 ലക്ഷം രൂപയായും തുടർന്ന് 2014-15 ൽ 3 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു നല്കി. 2007-08 മുതൽ 2013-14 വരെ വകുപ്പിൽ നിന്നും ധനസഹായം അനുവദിച്ച ഗുണഭോക്താക്കളിൽ മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്തവർക്ക് അവശേഷിക്കുന്ന ഗഡുക്കൾ പുതുക്കിയ നിരക്കിന് ആനുപാതികമായി നല്കിവരുന്നു.<br>പട്ടികജാതി വികസന വകുപ്പിൽ നിന്നും ഭവനനിർമ്മാണ ധനസഹായം യഥാസമയം അനുവദിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ